# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.237/PR/PIC/PHQ/16 Date : 16.08.2016

---

## ‘എ.ടി.എമ്മു’കളിൽ സ്ഥിരമായി പരിശോധന നടത്തുവാൻ പോലീസ് പട്രോൾ സംഘങ്ങൾക്ക് നിർദ്ദേശം

തലസ്ഥാന നഗരത്തിൽ ഈയിടെ എ ടി എം തട്ടിപ്പുകൾ കണ്ടുപിടിക്കപ്പെട്ട സാഹചര്യത്തിൽ, സംസ്ഥാനത്ത് രാത്രി 9.00 മണി മുതൽ രാവിലെ 6.00 മണി വരെ ഡ്യൂട്ടിയിലുള്ള ഹൈവേ പോലീസ് പട്രോൾ സംഘങ്ങളും നൈറ്റ് പട്രോൾ സംഘങ്ങളും തങ്ങളുടെ ചുമതലയിലുള്ള മേഖലയിൽ ‘എ.ടി.എമ്മു’കളിൽ സ്ഥിരമായി പരിശോധന നടത്തണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദ്ദേശിച്ചു. സംശയകരമായ ഉപകരണങ്ങൾ, നെറ്റ്വർക്കുകൾ എന്നിവ ‘എ ടി എമ്മി’നോട് ബന്ധിപ്പിച്ചിട്ടുണ്ടോയെന്നും ‘എ.ടി.എമ്മു’കളുടെ പുറകുവശത്ത് കേടുപാടുകളോ അനധികൃത ഉപകരണങ്ങളോ ഉണ്ടോ തുടങ്ങിയ കാര്യങ്ങളാണ് പരിശോധിക്കേണ്ടത്. ഗാർഡുമാരുള്ള എ ടി എമ്മുകളിൽ അവർ ശ്രദ്ധാപൂർവം ഡ്യൂട്ടി നിർവഹിക്കുന്നുണ്ടോയെന്ന കാര്യം നിരീക്ഷിച്ച്, വീഴ്ച്ചയുണ്ടെങ്കിൽ ബാങ്ക് അധികൃതർക്ക് റിപ്പോർട്ട് ചെയ്യണം. ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ ഒരാഴ്ചയ്ക്കുള്ളിൽ അറിയിക്കണമെന്ന്, സോണൽ എ. ഡി. ജി. പി. മാർ, റെയ്ഞ്ച് ഐ. ജി. മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് സംസ്ഥാന പോലീസ് മേധാവി നിർദേശം നല്കി.

********